അവയുടെ കെണിയിൽപ്പെട്ടുപോകുന്നു എന്നതാണു കഷ്ടം. 1932–ലെ കൂട്ടുപങ്കാളിത്തനിയമത്തിലെ (പാർട്ണർ ഷിപ്പ് ആക്ട്) വ്യവസ്ഥകൾ ബ്ളെയ്ഡ് കമ്പനികൾക്ക വലിയ തോതിൽ സംരക്ഷണം നല്കുകയുംചെയ്യുന്നു.

ബ്ളെയ്ഡ്കമ്പനികളെപ്പററി 1987 ജൂലൈയിൽ ഞാൻ എഴുതിയിരുന്നു. ബാംഗ്ളൂരിലെ രണ്ടു വലിയ ബ്ളെയ്ഡ് കമ്പനികൾക്കെതിരെ കർണാടക ഗവൺമെൻറ് ഈയിടെ കൈക്കൊണ്ട നടപടികളാണ് ഈ വിഷയത്തെപ്പററി ഒരിക്കൽക്കൂടി എഴുതാൻ എന്നെ പ്രേരിപ്പിച്ചത്. തങ്ങളുടെ നിക്ഷേപങ്ങൾ ബ്ളെയ്ഡ് കമ്പനികളിൽ സുരക്ഷിതങ്ങളല്ലെന്ന് അല്പസമ്പാദ്യക്കാരെങ്കിലും അറിഞ്ഞിരിക്കുന്നതു നന്ന്.

22 ജൂലൈ, 1989

# 71. ഈ മിടുക്കികൾ ഒക്കെ എവിടെപ്പോകുന്നു?

കുറെ വർഷങ്ങളായി കേരളത്തിലെ സർവകലാശാലകളിലെ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കുമ്പോഴെല്ലാം ആവർത്തിക്കപ്പെടാറുള്ള ഒരു വസ്തുതയുണ്ട്: റാങ്കുകൾ അധികവും ആൺകുട്ടികൾക്കല്ല, പെൺകുട്ടികൾക്കാണ്! പരീക്ഷാഫലവാർത്തകളോടൊപ്പം പത്രങ്ങളിൽ ചിരിച്ചുകൊണ്ടു നിൽക്കുന്ന കൊച്ചുമിടുക്കികളുടെ മനോഹരങ്ങളായ ചിത്രങ്ങളുണ്ടാവും. വാർത്താലേഖകരുമായി നടത്തുന്ന ഹ്രസ്വങ്ങളായ അഭിമുഖസംഭാഷണങ്ങളിൽ ഈ പെൺകിടാങ്ങൾ തങ്ങളുടെ ജീവിതാഭിലാഷങ്ങൾ ആവിഷ്കരിക്കാറുമുണ്ട്. കൂടുതൽ പഠിച്ച് കൂടുതൽ വിജയങ്ങൾ നേടി നല്ല ജോലികളിൽ പ്രവേശിച്ച് സമ്പന്നവും സമൂഹത്തിന് പ്രയോജനകരവുമായ ജീവിതം നയിക്കുന്നതിനുള്ള ആഗ്രഹം അവരാരും മറച്ചുവയ്ക്കാറില്ല.

അസൂയാവഹമായ പ്രതിഭാവിലാസംകൊണ്ട് അനുഗൃഹീതരായ ഈ പെൺകുട്ടികൾ ഏതാനും വർഷങ്ങൾക്കകം എവിടെപ്പോയി ഒളിക്കുന്നു? രാഷ്ട്രജീവിതത്തിന്റെ ദിശാനിർണയംചെയ്യുന്ന മർമപ്രധാനങ്ങളായ സ്ഥാനങ്ങളിൽ അവരിൽ എത്രപേർ എത്തിച്ചേരുന്നുണ്ട്? രാഷ്ട്രീയപ്പാർട്ടികളുടെ നേതൃപദവികളിൽ, പാർലമെൻററിൽ, നിയമസഭകളിൽ വളരെ അപൂർവമായി മാത്രമേ അവരെ നാം കാണുന്നുള്ളു. വ്യവസായസ്ഥാപനങ്ങളുടെ തലപ്പത്ത് പോയിട്ട് ഇടവിതാനത്തിൽപോലും ശോഭിക്കുന്ന സ്ത്രീകൾ ഇന്ത്യയിൽ എത്രയുണ്ട്? സമൂഹത്തിന് ബുദ്ധിപരമായ നേതൃത്വം നൽകേണ്ട പ്രൊഫെഷനുകളിലും വളരെ കുറച്ചു ഭാരതീയ വനിതകൾ മാത്രമേ വിജയം നേടുന്നുള്ളു.

പുരുഷന്മാരെക്കാൾ കൂടുതലായിട്ടല്ലെങ്കിൽ അവരോടൊപ്പമെങ്കിലും തങ്ങളുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിൽനിന്ന് സ്ത്രീകളെ തടയുന്ന ഏതോ ഒരു ശാപം ഭാരതീയസമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുണ്ടെന്നാണു കരുതേണ്ടത്. സരോജിനിനായിഡുവിനെയും ഇന്ദിരാഗാന്ധിയെയും മദർ തെരീസയെയുംപോലുള്ള വ്യക്തികളെ വിസ്മരിച്ചുകൊണ്ടല്ലേ ഇതു പറയുന്നത്. അത്തരക്കാർ അപവാദങ്ങൾ മാത്രമാണ്. സാമാന്യ നിയമപ്രകാരം ഇന്ത്യൻ സ്ത്രീക്കു വിധിക്കപ്പെട്ടിട്ടുള്ളത് ശരാശരിയിൽ താഴെ വളർച്ചയുള്ള വ്യക്തിത്വം മാത്രമാകുന്നു.

പിതാ രക്ഷതി കൗമാരേ ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ ന സ്ത്രീ സ്വാതന്ത്ര്യമർഹതി

എന്ന മനുവിന്റെ സ്ത്രീത്വാദർശത്തിന് സ്വതന്ത്രഭാരത സമൂഹത്തിൽ വലിയ വ്യതിയാനമൊന്നും സംഭവിച്ചിട്ടില്ല.

1981–ൽ ജനഗണന നടത്തുമ്പോൾ ഇന്ത്യയിൽ മുപ്പത്തിമൂന്നു കോടിയോളം സ്ത്രീകളുണ്ടായിരുന്നു (ഇപ്പോൾ ഇന്ത്യൻ സ്ത്രീകളുടെ സംഖ്യ നാല്പത്തഞ്ചുകോടി

യോളമായി വർദ്ധിച്ചിരിക്കണം). ആറു കോടി അറുപത്തിമൂന്നു ലക്ഷത്തോളം സ്ത്രീകൾ സ്വന്തം വീടുകൾക്കു പുറത്തു ചെന്നു് അദ്ധ്വാനിച്ചു നിത്യവൃത്തി നേടിയിരുന്നതായി അന്നു കണക്കാക്കപ്പെട്ടിരുന്നു. ഗ്രാമങ്ങളിൽ കാർഷികജോലികളിൽ ഏർപ്പെട്ടവരായിരുന്നു ഈ സ്ത്രീകളിൽ അധികംപേരും. ജോലിചെയ്യുന്ന സ്ത്രീകളിൽ പന്ത്രണ്ടു ശതമാനത്തോളം മാത്രമായിരുന്നു നഗരങ്ങളിലുണ്ടായിരുന്നതു്. ഇവരിൽത്തന്നെ അധികം സ്ത്രീകളും ദിവസക്കൂലിക്കാരായിരുന്നു. ജോലിചെയ്യുന്ന സ്ത്രീകളിൽ 18.58 ശതമാനം മാത്രമായിരുന്നു വിദ്യാഭ്യാസം സിദ്ധിച്ചവർ.

1982–83–ലെ ഒരു കണക്കനുസരിച്ചു് ഉന്നതവിദ്യാഭ്യാസം ആർജിക്കുന്ന വിദ്യാർത്ഥികളുടെ 28.5 ശതമാനം മാത്രമായിരുന്നു പെൺകുട്ടികൾ. കേരളത്തിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളുടെ അനുപാതം ഇതിനെക്കാൾ കൂടുതലായിരിക്കണം. എങ്കിലും കേരളത്തിൽപോലും വിദ്യാർത്ഥിനികളുടെ സംഖ്യ വിദ്യാർത്ഥികളുടെ സംഖ്യയോടു് ഒപ്പമെത്തിയിട്ടുള്ളതായി തോന്നുന്നില്ല; പ്രത്യേകിച്ചും സർവകലാശാലാതലത്തിൽ. പതിനേഴു വയസ്സിനും ഇരുപത്തൊന്നുവയസ്സിനും ഇടയ്ക്കുള്ള ഇന്ത്യൻ പെൺകുട്ടികളുടെ മൂന്നു ശതമാനം മാത്രമേ വിദ്യാഭ്യാസം നേടുന്നവരായുള്ളു എന്നു് ഇതേ കണക്കിൽ കാണുന്നു.

ഔദ്യോഗികമായ മറെറാരു കണക്കനുസരിച്ചു് 1971_ൽ പോസ്റ്റു് ഗ്രാജുേററ് സയൻസ് വിദ്യാർത്ഥികളുടെ 15 ശതമാനംമാത്രം ആയിരുന്നു വിദ്യാർത്ഥിനികൾ. സയൻസിൽ പോസ്റ്റ്ഗ്രാജുേററ് ബിരുദം നേടുന്ന പെൺകുട്ടികളിൽ 58 ശതമാനം മാത്രമേ അന്നു ജോലിക്കു പോയിരുന്നുള്ളു. ബിരുദം നേടിയ പെൺകുട്ടികളിൽ 20 ശതമാനം ജോലി തേടിയിട്ടും അതു കിട്ടാത്തവരായിരുന്നു. മററുള്ളവർ ജോലി തേടണമെന്നുതന്നെ വിചാരിക്കാത്തവർ ആയിരുന്നു.

1971–ൽ ഹോം സയൻസ് (ഗൃഹശാസ്ത്രം) വിഷയത്തിൽ പോസ്റ്റ്ഗ്രാജുേററ് പഠനം നേടിയിരുന്നവരുടെ 96 ശതമാനമായിരുന്നു വിദ്യാർത്ഥിനികൾ. ഗൃഹശാസ്ത്രം കോളേജിൽ ചേർന്നു പഠിച്ചാലും ഇല്ലെങ്കിലും ഗൃഹഭരണമാണു് സ്ത്രീകൾക്കു വിധിക്കപ്പെട്ടതെന്ന ധാരണ ഇന്നും ഇന്ത്യൻ സമൂഹത്തിൽ ഇല്ലാതായിട്ടില്ല. സാമ്പത്തികമായി കൂടുതൽ ഭദ്രതയുള്ള സമൂഹവിഭാഗങ്ങളിൽ ഈ ധാരണയ്ക്കു ശക്തി കുറയുകയല്ല ഏറുകയാണുചെയ്യുന്നതു്. ഇന്ത്യയിലെ കോളേജ് വിദ്യാർത്ഥിനികളിൽ അധികവും ഇടത്തരം വരുമാനമുള്ള ഉയർന്ന ജാതിക്കാരിൽപ്പെട്ടവരാണു്. സമൂഹത്തിൻെറ ഈ വിഭാഗങ്ങളിൽ പെൺകുട്ടികളുടെ കോളേജ് വിദ്യാഭ്യാസം കണക്കാക്കപ്പെടുന്നതു് വിവാഹച്ചന്തയിൽ കൂടുതൽ ആനുകൂല്യമുള്ള വ്യവസ്ഥകളോടെ വിററഴിയപ്പെടുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണു്. പെൺകുട്ടികൾ ഏതു് കോളേജിൽ ചേരണമെന്നും ഏതു വിഷയം പഠിക്കണമെന്നും തീരുമാനിക്കുന്നതു് പ്രായേണ അവരുടെ രക്ഷിതാക്കളാകുന്നു. പെൺകുട്ടികളുടെ അഭിരുചിക്കു് ഈ കാര്യത്തിൽ വലിയ പരിഗണനയൊന്നും നൽകപ്പെടുന്നില്ല. ഡിഗ്രി നേടിക്കഴിഞ്ഞ പെൺകുട്ടികൾ ഉടൻ വിവാഹച്ചന്തയിലേക്കു് ആനയിക്കപ്പെടുന്നു. കാലം വൈകിയാൽ ഈ ചന്തയിൽ വിററഴിക്കപ്പെടാനുള്ള സാധ്യത കുറഞ്ഞുപോയെങ്കിലോ എന്നാണു് രക്ഷിതാക്കളുടെ ഭയം. പെൺകുട്ടികളുടെ വരന്മാർ ആരായിരിക്കണമെന്ന കാര്യത്തിലും ആദ്യത്തെയും അവസാനത്തെയും വാക്കു് മിക്കപ്പോഴും രക്ഷിതാക്കളുടേതാണു്. പെൺകുട്ടികളുടെ അഭിരുചിക്കു് ഈ കാര്യത്തിലും വലിയ പ്രാധാന്യമൊന്നും നൽകപ്പെടുന്നില്ല.

ഡിഗ്രി ലഭിച്ചു കഴിഞ്ഞാലുടൻ ഒരു ജോലിയിൽ കടന്നുകൂടുന്നതിനുള്ള വെമ്പൽ ഈയിടെയായി ഇന്ത്യയിലെ പെൺകുട്ടികൾക്കിടയിലും കാണുന്നുണ്ടു്. കേരളത്തിൽ ഈ വെമ്പൽ വളരെയേറെയാണു്. പക്ഷേ, ഈ വെമ്പലിൻെറ അടിയിലുള്ളതു് ജോലിചെയ്തു സമ്പാദ്യമുണ്ടാക്കി ജീവിതം സ്വതന്ത്രമാക്കുകയും മെച്ചപ്പെടുത്തുകയും സമൂഹത്തെ സേവിക്കുകയുംചെയ്യാനുള്ള ആഗ്രഹത്തിലേറെ ജോലിയുള്ള പെൺകുട്ടികൾ വിവാഹച്ചന്തയിൽ എളുപ്പത്തിൽ വിററഴിക്കപ്പെടുന്നു എന്ന വസ്തുതയാണു്. അതായതു്, പെൺകുട്ടികളുടെ ബിരുദംപോലെ ജോലിയും അവരുടെ വിവാഹയോഗ്യതയായിത്തീർന്നിരിക്കുന്നു.

വിവാഹത്തിനുശേഷം പെൺകുട്ടി പഠിപ്പു തുടരണമോ എന്നു തീരുമാനിക്കുന്നതു് വരന്റെ കുടുംബക്കാരാണു്. പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം വിവാഹം അനിവാര്യമായാണു് ഇന്ത്യയിൽ ഇപ്പോൾ പരിഗണിക്കപ്പെടുന്നതു്. വിവാഹം യഥാകാലം നടന്നു കിട്ടാത്ത പെൺകുട്ടിക്കു് ശാരീരികമോ മാനസികമോ സ്വഭാവപരമോ ആയ എന്തെങ്കിലും വൈകല്യം ഉണ്ടായിരിക്കണമെന്നാണു് പൊതു ധാരണ. അരനൂററാണ്ടുമുമ്പു് കേരളത്തിൽ മരുമക്കത്തായ സമൂഹങ്ങളിലെങ്കിലും സ്ഥിതി ഇതായിരുന്നില്ല. എന്റെ കുടുംബത്തിൽത്തന്നെയുണ്ടായിരുന്നു അവിവാഹിതകളായ രണ്ടു സ്ത്രീകൾ. എല്ലാ സാഹചര്യങ്ങളും ഒത്തുവരാതിരുന്നതിനാൽ വിവാഹം നടന്നില്ലെന്നല്ലാതെ കന്യകാത്വം അവരുടെ ഏതെങ്കിലും പോരായ്മകൊണ്ടു സംഭവിച്ചതാണെന്നു് ആരും കരുതിയിരുന്നില്ല. സ്വന്തമായി കുട്ടികളും പ്രാരബ്ധവും ഇല്ലാതിരുന്നതുകൊണ്ടു് ഈ അവിവാഹിതകൾക്കു് മററുള്ളവരുടെ കാര്യങ്ങളിലും തറവാട്ടുവക പൊതുക്കാര്യങ്ങളിലും ശ്രദ്ധിക്കാൻ ധാരാളം സമയം ഉണ്ടായിരുന്നു. അവർ കുടുംബത്തിന്റെ ശാപമല്ല, അനുഗ്രഹമായിരുന്നു. അവരുടെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കാൻ കുടുംബത്തിലെ മററു് അംഗങ്ങൾക്കു് സന്തോഷമായിരുന്നു ഇപ്പോഴത്തെ സ്ഥിതി മറിച്ചാണു്. അവിവാഹിതയായ യുവതി കുടുംബത്തിനു് അപമാനവും അവിവാഹിതയായ വൃദ്ധ കുടുംബത്തിനു് ഭാരവും ആയാണു് കരുതപ്പെടുന്നതു്.

കുടുംബജീവിതം സ്ത്രീയുടെ നിർബന്ധിതമായ ഭാഗധേയം ആയി കരുതപ്പെടുന്നതിനാൽ കുടുംബജീവിതവുമായി ഇണങ്ങിപ്പോകുന്ന ലഘുജോലികൾ മാത്രം സ്വീകരിക്കാൻ കൂടുതൽ അഭ്യസ്തവിദ്യകളും ഇഷ്ടപ്പെടുന്നു. സർക്കാർ ആപ്പീസിലോ ബാങ്കിലോ ക്ലാർക്ക് അല്ലെങ്കിൽ സ്റ്റെനോഗ്രാഫർ, സ്കൂളിൽ അദ്ധ്യാപിക, ആശുപത്രിയിൽ നേഴ്സ്—ഉദ്യോഗസ്ഥയായ സ്ത്രീയെപ്പററി ചിന്തിക്കുമ്പോൾ ആദ്യമായി മനസ്സിൽ വരുന്ന ചിത്രങ്ങൾ ഇതൊക്കെയാണു്. പാചകമടക്കം വീട്ടിനകത്തുള്ള ജോലികൾ സ്ത്രീകൾ ചെയ്യേണ്ടതാണെന്ന കാര്യത്തിൽ നമുക്കു് ഒരു സംശയവുമില്ല. ഈ ജോലികളിൽ ചിലതു ചെയ്യാൻ തയ്യാറാവുന്ന പുരുഷന്മാരെ 'പെൺകോന്തന്മാർ' എന്നു് നാം പരിഹസിക്കുന്നു. പുരുഷൻ അടുക്കളയിൽ കടക്കുകയോ? മോശം!

ഇക്കാരണത്താൽ ഇന്ത്യയിൽ ജോലിയുള്ള സ്ത്രീ കണക്കിലധികം കഷ്ടപ്പെടേണ്ടിവരുന്നു. പാചകം കഴിച്ചു് കുട്ടികൾക്കും ഭർത്താവിനും മററു കുടുംബാംഗങ്ങൾക്കും പ്രാതൽ കൊടുത്തു് അവരുടെ ഉച്ചഭക്ഷണം ഡബ്ബകളിലും മററും അടച്ചു് തയ്യാറാക്കി സ്വന്തം ദിനചര്യങ്ങൾ ധൃതിയിൽ കഴിച്ചു് തിക്കിത്തിരക്കി ബസ്സുകയറി ആഫീസിൽ വൈകിയെത്തുന്ന സ്ത്രീക്കു് ആഫീസുകാര്യങ്ങളിൽ ശ്രദ്ധയോ സഹപ്രവർത്തകരുടെ ബഹുമാനം ആർജിക്കുന്നതിനു് കഴിവോ ഇല്ലെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ആപ്പീസുപണി വേഗംകഴിച്ചു് വല്ലവിധത്തിലും ബസ്സിൽ കയറിപ്പററി ഇരുട്ടുംമുമ്പു വീട്ടിലെത്താനുള്ള ത്വരയാണു് എപ്പോഴും മനസ്സിലെങ്കിൽ താനുൾപ്പെട്ട ആപ്പീസിലെ ചെറുസമൂഹത്തിനു് നേതൃത്വം നൽകുന്നതിനുള്ള താല്പര്യമോ പ്രാപ്തിയോ നേടിയെടുക്കുക എളുപ്പമാവില്ലല്ലോ.

രണ്ടററത്തും തീ കൊളുത്തിയ മെഴുകുതിരിയുടെ സ്ഥിതിയാണു് ജോലിയുള്ള കുടുംബനായികമാരുടേതെന്നു പറയാം. വിശ്രമിക്കാൻ സമയമോ വിജ്ഞാനത്തിന്റെയോ കലകളുടെയോ ഹോബികളുടെയോ ഏതെങ്കിലും രംഗങ്ങളിൽ സ്വന്തമായ താല്പര്യവും വൈദഗ്ധ്യവും വളർത്തുന്നതിനുള്ള ചുററുപാടോ അവർക്കു് ലഭിക്കുന്നില്ല. കോളേജുകളിൽ പഠിച്ചതെല്ലാം ഏതാനും വർഷങ്ങൾക്കകം അവർ മറന്നുപോകുന്നു. പൊട്ടക്കുളത്തിന്റെ ഒരററത്തുനിന്നും തള്ളിമാററിയ പായൽ ഏതാനും നിമിഷങ്ങൾക്കകം വീണ്ടും അവിടെ വന്നു നിറയുന്നതുപോലെ തങ്ങൾ പിറന്ന പാരമ്പര്യസമൂഹത്തിന്റെ മൂല്യങ്ങൾ അവരുടെ മനസ്സുകളിൽ വളരെ വേഗം പെരുകുന്നു.

രാഷ്ട്രീയത്തിലോ വ്യവസായത്തിലോ പ്രൊഫെഷനുകളിലോ സ്ത്രീകൾക്ക കൈവരുന്ന നേതൃത്വവും പ്രാമാണ്യവും അവരുടെ കുടുംബജീവിതത്തിന്റെ ഭദ്രത തകർത്തുകളയാനുള്ള സാധ്യത ഇന്ത്യയിൽ കുറവല്ല. ഭാര്യയുടെ പദവി ഭർത്താവിന്റെ അഹന്തയെയും അഭിമാനത്തെയും പ്രതികൂലമായി ബാധിച്ചുകൂടായ്കയില്ല. ഈ വസ്തുത നല്ലപോലെ അറിയാവുന്നതുകൊണ്ടുകൂടിയാവണം വിദ്യാഭ്യാസഘട്ടത്തിൽ വളരെയധികം പ്രാഗല്ഭ്യം തെളിയിച്ച പല സ്ത്രീകളും നിതാന്തവിരസങ്ങളായ ലഘുജോലികൾ സ്വീകരിച്ച് അടങ്ങിയൊതുങ്ങി ജീവിതം കഴിച്ചുകൂട്ടുന്നത്.

ശാസ്ത്ര–സാങ്കേതിക–മാനസിക വിഷയങ്ങളിൽ ഏറ്റവും ഉയർന്ന വിദ്യാഭ്യാസം നേടിയതിനുശേഷവും സ്ത്രീയുടെ മുഖ്യപ്രവൃത്തിരംഗം കുടുംബമാണെങ്കിൽ സ്ത്രീവിദ്യാഭ്യാസത്തിലെ മുഖ്യവിഷയം ഗൃഹശാസ്ത്രം (ഹോംസയൻസ്) ആകുന്നതല്ലേ യുക്തിസംഗതം? പടിഞ്ഞാറെ ബംഗാളിൽ ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച പ്ലാനിങ് കമ്മീഷൻ 1984–ൽ അവിടത്തെ ഗവണ്മെന്റിനു സമർപ്പിച്ച ശുപാർശയിൽ ഗൃഹശാസ്ത്രവിദ്യാഭ്യാസം വികസിപ്പിക്കേണ്ടതിന്റെ അടിയന്തരാവശ്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആധുനിക ജീവിതത്തിന്റെ ചുറ്റുപാടുകൾ അനുസരിച്ച് കുടുംബജീവിതം രൂപപ്പെടുത്താനും കുടുംബത്തിലും സമൂഹത്തിലും സമാധാനത്തിന്റെയും സന്തുഷ്ടിയുടെയും നൈതികവും ആധ്യാത്മികവുമായ സൗഖ്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ചു നിലവിൽ വരുത്താനും ഗൃഹശാസ്ത്രവിദ്യാഭ്യാസവികസനം പ്രയോജനപ്പെടുമെന്നായിരുന്നു ഈ കമ്മീഷന്റെ നിഗമനം.

'മിടുക്കികൾ എവിടെപ്പോകുന്നു?' എന്ന ചോദ്യത്തിന് ഇപ്പോൾ ഉത്തരം ലഭിച്ചിരിക്കുമെന്നു കരുതുന്നു. അവരിൽ ഭൂരിഭാഗവും പാരമ്പര്യരീതിയിലുള്ള കുടുംബജീവിതത്തിലേക്കാണു പോകുന്നത്. തീപ്പെട്ടിക്കോൽപോലെ ഒരു നിമിഷം ജ്വലിച്ച് ചന്ദനത്തിരിപോലെ ദീർഘകാലം പുകയുകയാണ് അവരുടെ ജീവിതഭാഗധേയം.

29 ജൂലൈ, 1989

# 72. ഹരിദാസ സ്വാമി

ടെലിവിഷൻ ഇന്ത്യയിലെ സാധാരണജനങ്ങളുടെ പ്രധാനപ്പെട്ട വിനോദോപാധിയായി തീർന്നിരിക്കുകയാണല്ലൊ? ദക്ഷിണേന്ത്യയിലെ കർണാടകസംഗീതത്തിനും ഭരതനാട്യം, മോഹിനിയാട്ടം, കഥകളി, കുച്ചിപ്പുഡി മുതലായ നൃത്തരൂപങ്ങൾക്കും ഉത്തരേന്ത്യയിലും ഉത്തരേന്ത്യയിലെ ധ്രുപദ്, ഖയാൽ മുതലായ സംഗീതരൂപങ്ങൾക്കും കഥക്, മണിപുരി, ഒഡീസി മുതലായ നൃത്തരൂപങ്ങൾക്കും ദക്ഷിണേന്ത്യയിലും കൂടുതൽ ആസ്വാദകർ ഉണ്ടായിവരുന്നു എന്നതാണ് ടെലിവിഷന്റെ പ്രചാരത്തിന്റെ ഒരു സൽഫലം.

ഉത്തരേന്ത്യയിലായാലും ദക്ഷിണേന്ത്യയിലായാലും സംഗീതം, വാദ്യം, നൃത്യം, അഭിനയം എന്നീ രംഗകലകളുടെ ആദിമസ്രോതസ്സായി കണക്കാക്കപ്പെടുന്നത് ഭരതമുനി രചിച്ച 'നാട്യശാസ്ത്രം' എന്ന പ്രാചീന സംസ്കൃത ഗ്രന്ഥമാണ്. ഇന്ത്യയിലെ ക്ലാസ്സിക്കൽ സംഗീതകലയുടെ അടിസ്ഥാനതത്ത്വങ്ങളിലെങ്കിലും ഐകരൂപ്യം സഹസ്രാബ്ദങ്ങളിലൂടെ നിലനിർത്തുന്നതിന് 'നാട്യശാസ്ത്രം' സഹായിക്കുകയുണ്ടായി. ക്ലാസിക്കൽ കലകളെ 'മാർഗം' എന്നും പ്രാദേശിക കലകളെ 'ദേശി' എന്നും വിഭജിച്ചു വിവരിക്കുക ഇന്ത്യയിലെ പ്രാചീന സമ്പ്രദായമായിരുന്നു. ഭാരതീയ മാർഗ (ക്ലാസിക്കൽ) സംഗീത–നൃത്ത–അഭിനയങ്ങൾ